# പതിനഞ്ചാം കേരള നിയമസഭ

പതിനാലാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2025 സെപ്റ്റംബർ 30, ചൊവ്വ

**നമ്പർ 187**

രാവിലെ 9.00 മണിക്ക് സ്പീക്കറുടെ അധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ അഞ്ച് ചോദ്യങ്ങൾ സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം (റൂൾ 50) :

ലോക്സഭ പ്രതിപക്ഷ നേതാവ് ശ്രീ. രാഹുൽ ഗാന്ധിക്കെതിരെ ടെലിവിഷൻ ചർച്ചക്കിടയിൽ വിവാദ പരാമർശം നടത്തിയ വ്യക്തിയെ അറസ്റ്റ് ചെയ്തില്ലെന്ന് പറയപ്പെടുന്ന സർക്കാർ നടപടി സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. സണ്ണി ജോസഫും മറ്റ് അഞ്ച് അംഗങ്ങളും സഭാ നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഒരു ഉപക്ഷേപത്തിന് നോട്ടീസ് നൽകിയിരുന്നു. പ്രസ്തുത വിഷയത്തിന് പൊതുപ്രാധാന്യമോ അടിയന്തര സ്വഭാവമോ ഇല്ലാത്തതിനാൽ നോട്ടീസ് പരിഗണിക്കാൻ നിർവ്വാഹമില്ലെന്ന് സ്പീക്കർ അറിയിക്കുകയും നോട്ടീസ് നിരസിക്കുകയും ചെയ്തു.

(ഇക്കാര്യത്തിൽ സ്വീകരിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ ബഹളം വയ്ക്കുകയും മുദ്രാവാക്യം വിളിയ്ക്കുകയും ചെയ്തു. പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ തുടർന്നുള്ള സഭാനടപടികൾ തടസ്സപ്പെടുത്തി. ചെയർ അടുത്ത നടപടിയിലേക്ക് കടന്നു.)

ശ്രദ്ധക്ഷണിക്കൽ :

(I) സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന കശുവണ്ടി ഫാക്ടറികളിലെ പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. കോവൂർ കുഞ്ഞുമോൻ നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

(പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ ബഹളം തുടർന്നതിനാൽ കാര്യവിവരപട്ടികയിലെ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

KNPP.1273/2025.

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ :

| നം. | അംഗം | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1. | ശ്രീ. ഇ. കെ. വിജയൻ | ഉരുൾപൊട്ടലിൽ നാശനഷ്ടം സംഭവിച്ച പ്രദേശങ്ങളുടെ പുനരുദ്ധാരണം | റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി |
| 2. | ശ്രീ. മുരളി പെരുനെല്ലി | പാവറട്ടി-മുല്ലശ്ശേരി സമഗ്ര കുടിവെള്ള പദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |
| 3. | ശ്രീ. പി.പി. സുമോദ് | ഉത്സവ കമ്മിറ്റികൾക്ക് ഉത്സവങ്ങൾ രജിസ്ട്രേഷൻ ചെയ്യുന്നതിന് നടപടി | വനം-വന്യജീവി വകുപ്പുമന്ത്രി |
| 4. | ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | വീരുപ്പാക്ക സഹകരണ സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനം | നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 5. | ശ്രീ. കെ.ജെ മാക്സി | കൊച്ചി നഗരസഭയുടെ പടിഞ്ഞാറൻ മേഖലയിൽ കൃഷി ഭവൻ | കൃഷി വകുപ്പുമന്ത്രി |
| 6. | ശ്രീ. കെ. ആൻസലൻ | ബാലരാമപുരം-വഴിമുക്ക്-കളിയിക്കാവിള റോഡ് വികസനം | പൊതുമരാമത്ത് - വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 7. | ശ്രീ. കെ.വി. സുമേഷ് | അഴീക്കോട് ചാൽ ബീച്ച് വികസന പ്രവർത്തനങ്ങൾ | പൊതുമരാമത്ത് - വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 8. | ശ്രീ. ജോബ് മൈക്കിൾ | സംഭരിച്ച നെല്ലിന്റെ വില ലഭ്യമാക്കുന്നതിന് നടപടി | ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന മേശപ്പുറത്ത് വച്ചു.

<u>റിപ്പോർട്ടുകളുടെ സമർപ്പണം</u> :

i) കാര്യോപദേശക സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട് സമർപ്പിച്ചു.

ii) സബ്ജക്ട് കമ്മിറ്റി IX-ന്റെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, 2024-2025 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, 2025 -ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട്, 2025-ലെ കേരള പഞ്ചായത്ത് രാജ്(ഭേദഗതി) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട് എന്നിവ സമർപ്പിച്ചു.

iii) സബ്ജക്ട് കമ്മിറ്റി XI-ന്റെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2024-2025 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിച്ചു.

iv) ഹർജികൾ സംബന്ധിച്ച സമിതിയുടെ അഞ്ച്,ആറ് റിപ്പോർട്ടുകൾ സമർപ്പിച്ചു.

<u>റിപ്പോർട്ട് പരിഗണന</u> :

കാര്യോപദേശക സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു

<u>നിയമനിർമ്മാണ കാര്യം</u> :

I) <u>താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന ഉപക്ഷേപങ്ങളും :</u>

<u>i) 2025 കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂട്ടതൽ ചുമതലകൾ) ഭേദഗതി (2-ാം നമ്പർ) ബിൽ</u>

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പമന്ത്രി ശ്രീമതി ആർ. ബിന്ദു 2025-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂട്ടതൽ ചുമതലകൾ) ഭേദഗതി (2-ാം നമ്പർ) ബിൽ അവതരിപ്പിക്കുകയും ചട്ടം 75(1) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുകയും ചെയ്തു. തുടർന്ന്, മന്ത്രി പ്രസ്തുത ബിൽ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം അവതരിപ്പിച്ചു. ഉപക്ഷേപം സഭ അംഗീകരിക്കുകയും ബിൽ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

ii) 2025-ലെ കേരള ഏക കിടപ്പാടം സംരക്ഷണ ബിൽ

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ്, 2025-ലെ കേരള ഏക കിടപ്പാടം സംരക്ഷണ ബിൽ അവതരിപ്പിച്ചു. മന്ത്രി പ്രസ്തുത ബിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം അവതരിപ്പിച്ചു. ഉപക്ഷേപം സഭ അംഗീകരിക്കുകയും ബിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

iii) 2025-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശവികസനവും (ഭേദഗതി) ബിൽ

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ്, 2025-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശവികസനവും (ഭേദഗതി) ബിൽ അവതരിപ്പിച്ചു. മന്ത്രി പ്രസ്തുത ബിൽ വ്യവസായങ്ങളും, ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV- ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം അവതരിപ്പിച്ചു. ഉപക്ഷേപം സഭ അംഗീകരിക്കുകയും ബിൽ വ്യവസായങ്ങളും, ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

2025 ഒക്ടോബർ 6-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി രാവിലെ 10.20-ന് സഭ പിരിഞ്ഞു.

ഡോ. എൻ. കൃഷ്ണ കുമാർ,

*സെക്രട്ടറി.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

Fourteenth Session

# BULLETIN–PART I

(Brief Record of Proceedings)

*Tuesday, September 30, 2025.*

**No.187**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions :*

Five Questions in the list of Questions posted for the day were answered orally.

*Adjournment Motion (Rule 50) :*

Shri Sunny Joseph and five other Members had given notice for moving an adjournment motion to discuss the alleged inaction of the Government in arresting the individual responsible for a controversial remark made against the Leader of the Opposition in the Lok Sabha, Shri Rahul Gandhi. The Speaker disallowed the notice, stating that the matter was neither having public importance nor urgency in matter.

(Then Members belonging to the Opposition parties protested and shouted slogans. Members of the opposition parties disrupted the rest of the proceedings of the house).

*Calling Attention :*

1. Shri Kovoor Kunjumon called the attention of the Minister for Law, Industries and Coir to the necessity to solve the problems relating to the cashew factories in private sector. The Minister concerned made a statement in this regard.

(The second Calling Attention in the list of Business was not presented as the opposition partymembers Continued to clamour)

*Matters under Rule 304* :

The matters raised in the House by the Members under Rule 304 are listed below:

| നം. | അംഗം | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1. | ശ്രീ. ഇ. കെ. വിജയൻ | ഉരുൾപൊട്ടലിൽ നാശനഷ്ടം സംഭവിച്ച പ്രദേശങ്ങളുടെ പുനരുദ്ധാരണം | റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി |
| 2. | ശ്രീ. മുരളി പെരുനെല്ലി | പാവറട്ടി-മുല്ലശ്ശേരി സമഗ്ര കുടിവെള്ള പദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |
| 3. | ശ്രീ. പി.പി. സുമോദ് | ഉത്സവ കമ്മിറ്റികൾക്ക് ഉത്സവങ്ങൾ രജിസ്ട്രേഷൻ ചെയ്യുന്നതിന് നടപടി | വനം-വന്യജീവി വകുപ്പുമന്ത്രി |
| 4. | ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | വീരുപ്പാക്ക സഹകരണ സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനം | നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 5. | ശ്രീ. കെ.ജെ മാക്സി | കൊച്ചി നഗരസഭയുടെ പടിഞ്ഞാറൻ മേഖലയിൽ കൃഷി ഭവൻ | കൃഷി വകുപ്പുമന്ത്രി |
| 6. | ശ്രീ. കെ. ആൻസലൻ | ബാലരാമപുരം-വഴിമുക്ക്-കളിയിക്കാവിള റോഡ് വികസനം | പൊതുമരാമത്ത് - വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 7. | ശ്രീ. കെ.വി. സുമേഷ് | അഴീക്കോട് ചാൽ ബീച്ച് വികസന പ്രവർത്തനങ്ങൾ | പൊതുമരാമത്ത് - വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 8. | ശ്രീ. ജോബ് മൈക്കിൾ | സംഭരിച്ച നെല്ലിന്റെ വില ലഭ്യമാക്കുന്നതിന് നടപടി | ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി |

The Ministers Tabled the statement regarding the respective matters.

*Presentation of Reports* :

i) The Eighteenth Report of the Business Advisory Committee was presented.

ii) The Periodical Report of Subject Committee IX for the period from 1st April , 2024 to 31st March, 2025; the Action Taken Report on the recommendations in the Fourth Report regarding the Scrutiny of Demands for Grants for the financial year 2024-2025; the Report on The Kerala Municipality (Amendment) Bill, 2025; and the Report on The Kerala Panchayat Raj (Amendment) Bill, 2025 were presented.

iii) The Periodical Report of Subject Committee XI for the period from 1st April, 2024 to 31st March, 2025 and the Action Taken Report on the recommendations in the Fourth Report regarding the Scrutiny of Demands for Grants for the financial year 2024-2025 were presented.

iv) The Fifth and Sixth Reports of the Committee on Petitions were presented.

*Consideration of Report* :

The House adopted the Eighteenth Report of the Business Advisory Committee.

*Legislative Business* :

1) Introduction and Motions for reference to Subject Committees of the following Bills:

i) The Kerala Public Service Commission (Additional Functions as Respects the Services under the Universities) Amendment (No. 2) Bill, 2025

The Minister for Higher Education and Social Justice, Smt. R. Bindu introduced The Kerala Public Service Commission (Additional Functions as Respects certain Services under the Universities) Amendment (No. 2) Bill, 2025 and laid the statement under Rule 75(1) on the Table. The Minister then moved the motion that the Bill be referred to Subject Committee VI on Education. The motion was adopted, and the Bill was referred to Subject Committee VI on Education.

ii) The Kerala Single Dwelling Place Protection Bill, 2025

As authorized by the Chief Minister, the Minister for Law, Industries and Coir Shri P. Rajeeve introduced The Kerala Single Dwelling Place Protection Bill, 2025. The Minister then moved the motion that the Bill be referred to Subject Committee XIV on Home Affairs. The motion was adopted, and the Bill was referred to Subject Committee XIV on Home Affairs.

iii) The Kerala Industrial Single Window Clearance Boards and Industrial Township Area Development (Amendment) Bill, 2025

The Minister for Law, Industries and Coir Shri P. Rajeeve introduced The Kerala Industrial Single Window Clearance Boards and Industrial Township Area Development (Amendment) Bill, 2025. The Minister then moved the motion that the Bill be referred to Subject Committee IV on Industries and Minerals. The motion was adopted, and the Bill was referred to Subject Committee IV on Industries and Minerals.

The House adjourned at 10.20 a.m. to meet again at 9.00 a.m. on Monday, October 6, 2025.

DR. N. KRISHNA KUMAR,
*Secretary.*